REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 18-05-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഭീകരതയ്ക്കെതിരെ ഇന്ത്യയുടെ ഒറ്റക്കെട്ടായ തീരുമാനം പങ്കുവെക്കാൻ ഏഴ് സർവ കക്ഷി സംഘങ്ങൾ വിവിധ രാജ്യങ്ങൾ സന്ദർശിക്കുമെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു.**
- **ISRO യുടെ 101-ാമത് ദൗത്യം അപ്രതീക്ഷിത പ്രശ്നങ്ങളെ തുടർന്ന് പരാജയപ്പെട്ടു..**
- **ലിയോ പതിനാലാമൻ മാർപ്പാപ്പ ഇന്ന് സ്ഥാനാരോഹണം ചെയ്യും.**
- **പട്ടികജാതി പട്ടികവർഗ സംസ്ഥാനതല സംഗമം വൈകിട്ട് മലമ്പുഴയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.**
- **സാഫ് അണ്ടർ - 19 ഫുട്ബോൾ ചാമ്പ്യൻഷിപ്പ് ഫൈനലിൽ ഇന്ത്യ വൈകിട്ട് ബംഗ്ലാദേശിനെ നേരിടും.**

## വാർത്തകൾ വിശദമായി

ഓപ്പറേഷൻ സിന്ദൂറിലൂടെ ഭീകരതയ്ക്കെതിരെ ഇന്ത്യയെടുത്ത ഒറ്റക്കെട്ടായ തീരുമാനം പ്രമുഖ രാഷ്ട്രങ്ങളുമായി പങ്കുവെക്കാൻ ഏഴ് സർവ കക്ഷി സംഘങ്ങൾ വിവിധ രാജ്യങ്ങൾ സന്ദർശിക്കുമെന്ന് പാർലമെന്ററി കാര്യമന്ത്രി കിരൺ റിജിജു അറിയിച്ചു. സന്ദർശനത്തിൽ പങ്കെടുക്കുന്ന MP-മാരുടെ വിവരങ്ങൾ അദ്ദേഹം സാമൂഹ്യമാധ്യമത്തിൽ പങ്കുവെച്ചു.

ഡെസ്ക് റിപ്പോർട്ട്..

........വോയ്സ്.....

BJP, MP ബൈജയന്ത് പാണ്ഡയുടെ നേതൃത്വത്തിൽ സൗദി അറേബ്യ, ബഹ്റിൻ, കുവൈത്ത്, അൾജീരിയ എന്നീ രാജ്യങ്ങൾ സന്ദർശിക്കുന്ന സംഘത്തിൽ BJP നേതാവ് നിഷികാന്ത് ദൂബെ, AIMIM നേതാവ് അസദുദ്ദീൻ ഒവൈസി എന്നിവർ ഉൾപ്പെടുന്നു. രവിശങ്കർ പ്രസാദ് നേതൃത്വം നൽകുന്ന രണ്ടാം സംഘം UK, ഫ്രാൻസ്, ജർമ്മനി, യൂറോപ്യൻ യൂണിയൻ, ഇറ്റലി, ഡെൻമാർക്ക് എന്നീ രാജ്യങ്ങൾ സന്ദർശിക്കും.

JDU നേതാവ് സഞ്ജയ്കുമാർ ഝാ -യുടെ നേതൃത്വത്തിൽ മൂന്നാമത്തെ സംഘം ഇന്തോനേഷ്യ , മലേഷ്യ, ദക്ഷിണ കൊറിയ, ജപ്പാൻ, സിംഗപ്പൂർ എന്നിവിടങ്ങളിൽ സന്ദർശനം നടത്തും. ശിവസേന MP, ശ്രീകാന്ത് ഏക്നാഥ് ഷിൻഡെ- യുടെ നേതൃത്വത്തിൽ മറ്റൊരു സംഘം UAE, ലൈബീരിയ, കോംഗോ, സിറാ ലിയോൺ എന്നിവിടങ്ങളിലെത്തും. ഡോ. ശശിതരൂരിന്റെ നേതൃത്വത്തിൽ അഞ്ചാമത്തെ സംഘം US , പനാമ, ഗയാന, ബ്രസീൽ, കൊളംബിയ എന്നീ രാജ്യങ്ങൾ സന്ദർശിക്കും.

DMK നേതാവ് കനിമൊഴി കരുണാനിധിയുടെ നേതൃത്വത്തിൽ ആറാമത്തെ സംഘം സ്പെയിൻ, ഗ്രീസ്, സ്ലൊവേനിയ, ലാത്വിയ, റഷ്യ എന്നീ രാജ്യങ്ങളിലെത്തും. NCP നേതാവ് സുപ്രീയ സുലേയാണ് ഏഴാമത്തെ സംഘത്തിന് നേതൃത്വം നൽകുന്നത്. ഈജിപ്ത്, ഖത്തർ, എത്യോപ്യ, ദക്ഷിണാഫ്രിക്ക എന്നീ രാജ്യങ്ങൾ സന്ദർശിക്കുന്ന സംഘത്തിൽ BJP എംപിമാരായ രാജീവ് പ്രതാപ് റൂഡി, അനുരാഗ്സിംഗ് ഠാക്കൂർ, കോൺഗ്രസ് MP മനീഷ് തിവാരി എന്നിവരാണ് അംഗങ്ങൾ. സംഘങ്ങളുടെ സന്ദർശനം ഈ മാസം 22ന് തുടങ്ങിയേക്കുമെന്നാണ് റിപ്പോർട്ട്.

✪✪✪

ഇന്ത്യയുടെ സുരക്ഷാ നയത്തിലെ ചരിത്രപരമായ വഴിത്തിരിവാണ് ഓപ്പറേഷൻ സിന്ദൂർ എന്ന് ആഭ്യന്തരമന്ത്രി അമിത ഷാ പറഞ്ഞു. ഗുജറാത്തിലെ ഗാന്ധിനഗറിൽ പൊതുയോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യൻ സേന പാക്കിസ്ഥാന്റെ തീവ്രവാദ അടിസ്ഥാനസൗകര്യങ്ങൾ തകർത്തു. സ്വാതന്ത്ര്യത്തിന് ശേഷം ആദ്യമായാണ് അതിർത്തിക്കപ്പുറത്ത് നൂറു കിലോമീറ്റർ കടന്ന് ഭീകരക്യാംപുകൾ ഇല്ലാതാക്കിയതെന്നും അമിത്ഷാ വ്യക്തമാക്കി.

✪✪✪

ഇന്ന് അന്താരാഷ്ട്ര മ്യൂസിയ ദിനം. സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിലും, അറിവ് വളർത്തുന്നതിലും മ്യൂസിയങ്ങളുടെ പ്രാധാന്യം ജനങ്ങളിലെത്തിക്കുന്നതിനും ലക്ഷ്യമിട്ടാണ് ദിനാചരണം.

ഇന്ന് രാജ്യത്തെ എല്ലാ ആർക്കിയോളജിക്കൽ സർവെ സ്മാരകങ്ങളിലേക്കും മ്യൂസിയങ്ങളിലേക്കും പ്രവേശനം സൗജന്യമായിരിക്കുമെന്ന് ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ അറിയിച്ചു. രാജ്യത്തിന്റെ സമ്പന്നമായ പൈതൃകം കണ്ടറിയാൻ സവിശേഷ അവസരമാണിതെന്ന് കേന്ദ്ര സാംസ്കാരിക മന്ത്രാലയം അഭിപ്രായപ്പെട്ടു.

✪✪✪

ISRO യുടെ 101-ാമത് ദൗത്യം അപ്രതീക്ഷിത പ്രശ്നങ്ങളെ തുടർന്ന് വിജയിച്ചില്ലെന്ന് ISRO കേന്ദ്രങ്ങൾ അറിയിച്ചു. രണ്ട് ഘട്ടങ്ങൾ വിജയകരമായി പൂർത്തിയായെങ്കിലും മൂന്നാം ഘട്ടത്തിലുണ്ടായ സാങ്കേതിക കുഴപ്പങ്ങളാണ് വിക്ഷേപണത്തെ പരാജയപ്പെടുത്തിയത്.

പുലർച്ചെ 5.59ന് ശ്രീഹരിക്കോട്ടയിലെ സധീഷ് ധവാൻ സ്പേസ് സെന്ററിൽ നിന്നായിരുന്നു വിക്ഷേപണം. PSLV - C61 റോക്കറ്റ് ഉപയോഗിച്ച് EOS-09 എന്ന ഭൗമനിരീക്ഷണ ഉപഗ്രഹത്തെ ഭ്രമണപഥത്തിലെത്തിക്കുകയായിരുന്നു ലക്ഷ്യം.

✪✪✪

ആഗോള കത്തോലിക്കാ സഭയുടെ 267-ാമത് മാർപ്പാപ്പയായി ലിയോ പതിനാലാമൻ വത്തിക്കാൻ സെന്റ് പീറ്റേഴ്സ് ബസലിക്കയിൽ ഇന്ന് സ്ഥാനാരോഹണം ചെയ്യും. ഇന്ത്യൻ സമയം ഉച്ചയ്ക്ക് ഒന്നരയ്ക്കാണ് സ്ഥാനാരോഹണ ചടങ്ങുകൾ. കുർബാന മധ്യേ വലിയ ഇടയന്റെ വസ്ത്രവും സ്ഥാനമോതിരവും ഏറ്റുവാങ്ങി വിശുദ്ധപത്രോസിന്റെ പിൻഗാമിയായാണ് മാർപ്പാപ്പ സഭയുടെ സാരഥ്യം ഏറ്റെടുക്കുന്നത്. സ്ഥാനാരോഹണ ചടങ്ങിൽ പങ്കെടുക്കുന്ന ഇന്ത്യൻ സംഘത്തെ രാജ്യസഭഉപാധ്യക്ഷൻ ഹരിവംശ് നാരായൺ സിംഗ് നയിക്കും.

✪✪✪

സംസ്ഥാന ഗവണ്മെന്റിന്റെ നാലാം വാർഷികാഘോഷത്തിന്റെ ഭാഗമായി പട്ടികജാതി പട്ടികവർഗ സംസ്ഥാനതല സംഗമം മലമ്പുഴയിൽ മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് ഉദ്ഘാടനം ചെയ്യും. മന്ത്രിമാരായ OR. കേളു, MB രാജേഷ്, K. കൃഷ്ണൻകുട്ടി എന്നിവർ പങ്കെടുക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്.

.......വോയ്സ്...........

തദ്ദേശീയ വിഭാഗത്തിലുള്ളവർക്ക് അവരുടെ അഭിപ്രായങ്ങൾ മുഖ്യമന്ത്രിയോട് നേരിട്ട് പറയാനുള്ള അവസരം നൽകുകയാണ് സംഗമത്തിന്റെ ലക്ഷ്യം.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 1200 പേർ സംഗമത്തിൽ പങ്കെടുക്കും. പട്ടിക ജാതി പട്ടിക വർഗ വിഭാഗത്തിൽപ്പെട്ട കർഷകർ, കായിക താരങ്ങൾ, ആരോഗ്യപ്രവർത്തകർ കലാകാരന്മാർ ,വിവിധ ഗോത്രവിഭാഗങ്ങളിലുള്ള ഊരുമൂപ്പൻമാർ, മെഡിക്കൽ കോളേജ്, ഐ.ഐ.ടി, ഐ.ഐ.എം, എൻ.ഐ.ടി സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ, ദേശീയ സംസ്ഥാന പുരസ്‌കാര ജേതാക്കൾ തുടങ്ങിയവർ സംഗമത്തിൽ പങ്കെടുക്കും .കഴിഞ്ഞ ഒൻപത് വർഷമായി തദ്ദേശീയ വിഭാഗങ്ങൾക്ക് വേണ്ടി സർക്കാർ ചെയ്ത വികസന ക്ഷേമ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വീഡിയോ പ്രദർശിപ്പിക്കും.പരിപാടിയുടെ ഭാഗമായി വൈകീട്ട് ആറ് മണിക്ക് പട്ടികജാതി പട്ടിക വർഗ വകുപ്പും സാംസ്‌കാരിക വകുപ്പും സംയുക്തമായി നടത്തുന്ന പ്രത്യേക മ്യൂസിക് ഷോ പാലക്കാട് കോട്ടമൈതാനത്ത് നടക്കും.റാപ്പറും ഗാനരചയിതാവുമായ വേടൻ നേതൃത്വം നൽകും.

✪✪✪

പാലക്കാട് യാക്കരയിൽ നിർമ്മിച്ച VT ഭട്ടതിരിപ്പാട് സാംസ്‌കാരിക സമുച്ചയം മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് നാടിനു സമർപ്പിക്കും. 68 കോടി രൂപ ചെലവിൽ അത്യാധുനിക സംവിധാനങ്ങൾ ഉൾപ്പെടുത്തിയാണ് സാംസ്‌കാരിക സമുച്ചയം നിർമ്മിച്ചത്. മന്ത്രി സജി ചെറിയാൻ ചടങ്ങിൽ അധ്യക്ഷനാവും.

✪✪✪

കൊച്ചി വിമാനത്താവളത്തിലെ പ്രവർത്തനങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന "സിയാൽ 2.0 " പദ്ധതി വൈകിട്ട് സിയാൽ ചെയർമാൻ കൂടിയായ മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും.

200 കോടി രൂപ ചെലവിൽ, സൈബർ ഡിഫൻസ് ഓപ്പറേഷൻ സെൻറർ, ഫുൾബോഡി സ്കാനർ, AI അധിഷ്ഠിത നിരീക്ഷണ സംവിധാനങ്ങൾ, ബോംബ് ഡിറ്റക്ഷൻ ആൻഡ് ഡിസ്പോസൽ സിസ്റ്റം എന്നിവയടക്കം പദ്ധതികളുടെ നവീകരണമാണ് നടപ്പാക്കുന്നത്. ഉച്ചകഴിഞ്ഞ് സിയാൽ കൺവെൻഷൻ സെൻററിൽ ഏറോ ഡിജിറ്റൽ ഉച്ചകോടിയും സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കൊച്ചി മെട്രോ ആരംഭിക്കുന്ന ഇന്ധന പമ്പ് കളമശ്ശേരി മെട്രോ സ്റ്റേഷനു സമീപം മന്ത്രി P രാജീവ് ഉച്ചകഴിഞ്ഞ് ഉദ്ഘാടനം ചെയ്യും. ഇന്ധനങ്ങൾക്കൊപ്പം ഇലക്ട്രിക് ചാർജിങ് സൗകര്യവും പമ്പിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

✪✪✪

ചിറ്റൂർ താലൂക്ക് ആശുപത്രി കെട്ടിടം വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കുട്ടികളുടെയും സ്ത്രീകളുടെയും ബ്ലോക്കാണ് നാടിന് സമർപ്പിക്കുന്നത്. മന്ത്രി വീണാ ജോർജ്ജും ചടങ്ങിൽ പങ്കെടുക്കും.

✪✪✪

സംസ്ഥാനത്ത് ആദ്യമായി രാജ്യാന്തര ആയുർവേദ ഗവേഷണ കേന്ദ്രം ഓഗസ്റ്റിൽ നിർമ്മാണം പൂർത്തിയാകുമെന്ന് മന്ത്രി വീണാ ജോർജ്. നവീകരണം പൂർത്തിയാക്കിയ ആലപ്പുഴ എണ്ണയ്ക്കാട് ഗവ. ആയുർവേദ ഡിസ്പെൻസറി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഹോമിയോയ്ക്കും ആയുർവേദത്തിനും വലിയ പ്രാധാന്യം നൽകിയാണ് ഗവണ്മെന്റ് മുന്നോട്ട് പോകുന്നതെന്നും മന്ത്രി പറഞ്ഞു.

✪✪✪

പാലക്കാട് ജില്ലാ ആയുർവേദ ആശുപത്രിയിലെ പുതിയ കെട്ടിടം മന്ത്രി വീണ ജോർജ് ഉച്ചയ്ക്ക് ഉദ്ഘാടനം ചെയ്യും. പുതിയ OP കെട്ടിടം, സ്പെഷ്യാലിറ്റി ക്ലിനിക്കുകളായ സ്പോർട്സ് ആയുർവേദം, സ്ത്രീ രോഗ വിഭാഗം, ബാല ചികിത്സാ വിഭാഗം, ലബോറട്ടറി എന്നിവ പുതിയ കെട്ടിടത്തിലുണ്ട്.

✪✪✪

മീസിൽസ്, റുബെല്ല നിവാരണ ക്യാമ്പയിന്റെ ഭാഗമായി അഞ്ചു വയസ്സിൽ താഴെ വരെ പ്രായമായ കുഞ്ഞുങ്ങളുടെ വാക്സിനേഷൻ സമ്പൂർണമാക്കുന്നതിന് നാളെ മുതൽ ഈ മാസം 31 വരെ പ്രത്യേക ക്യാമ്പയിൻ സംഘടിപ്പിക്കും.

വാക്സിനേഷൻ ഡോസുകൾ എടുക്കാൻ കഴിയാതിരുന്ന കുഞ്ഞുങ്ങളെ ആരോഗ്യ-ആശാ പ്രവർത്തകർ കണ്ടെത്തി ഈ കാലയളവിൽ വാക്സിനേഷൻ നൽകും.

✪✪✪

സാഫ് അണ്ടർ - 19 ഫുട്ബോൾ ചാമ്പ്യൻഷിപ്പ് ഫൈനലിൽ ഇന്ത്യ വൈകിട്ട് ബംഗ്ലാദേശിനെ നേരിടും. അരുണാചൽ പ്രദേശിലെ ഗോൾഡൻ ജൂബിലി സ്റ്റേഡിയത്തിൽ വൈകിട്ട് എഴിനാണ് മത്സരം. ഗ്രൂപ്പ് ഘട്ടത്തിലെ എല്ലാ മത്സരങ്ങളും ജയിച്ചാണ് ഇന്ത്യ ഫൈനലിലെത്തിയത്.

✪✪✪

IPL ക്രിക്കറ്റിൽ നിന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് പുറത്തായി. ഇന്നലെ ബംഗളുരു M ചിന്നസ്വാമി സ്റ്റേഡിയത്തിൽ റോയൽ ചലഞ്ചേഴ്സ് ബംഗുളൂരുവിന് എതിരെ നടത്താനിരുന്ന മത്സരം ശക്തമായ മഴയെ തുടർന്ന് ടോസ് ചെയ്യാതെ ഉപേക്ഷിച്ചു. നിർണ്ണായകമായ പ്ലേ ഓഫിൽ രണ്ടു

മത്സരങ്ങളിലെ ജയം അനിവാര്യമായിരുന്ന കൊൽക്കത്ത, മത്സരം ഉപേക്ഷിച്ചതോടെ ഒരു പോയിന്റോടെ സീസണിൽ നിന്ന് പുറത്താവുകയായിരുന്നു.

ഇന്ന് രണ്ട് മത്സരങ്ങളുണ്ട്. വൈകിട്ട് മൂന്നരയ്ക്ക് രാജസ്ഥാൻ റോയൽസ് പഞ്ചാബ് കിങ്സിനെ ജയ്പ്പൂരിൽ നേരിടും.

രാത്രി ഏഴരയ്ക്ക് ഡൽഹി ക്യാപിറ്റൽസ് ഡൽഹിയിൽ ഗുജറാത്ത് ടൈറ്റൻസുമായി ഏറ്റുമുട്ടും.

✪✪✪

പൊലീസ് നേതൃ തലത്തിലെ മാറ്റം ഗവണ്മെന്റ് മരവിപ്പിച്ചു. ADGP, MR അജിത്കുമാറിനെ എക്സൈസ് കമ്മീഷണർ ആക്കിയ നടപടി റദ്ദാക്കി. മഹിപാൽ യാദവ് എക്സൈസ് കമ്മീഷണറായി തുടരും. ജയിൽ വകുപ്പ് മേധാവി ബൽറാം കുമാർ ഉപാധ്യായയുടെ സ്ഥലം മാറ്റവും റദ്ദാക്കിയിട്ടുണ്ട്. പൊലീസ് ഹെഡ്ക്വാർട്ടേഴ്സ് ADGP, S ശ്രീജിത്തിന് സൈബർ നടപടി ADGPയുടെ അധിക ചുമതലയും നൽകി.

✪✪✪

കേരളത്തിലെ വനിതാ വിമോചന മുന്നേറ്റത്തിന്റെ ഭൂമികയാണ് കുടുംബശ്രീയെന്ന് മന്ത്രി AK ശശീന്ദ്രൻ കാസർകോട്ട് പറഞ്ഞു. കുടുംബശ്രീ-അയൽക്കൂട്ട ഓക്സിലറി അംഗങ്ങളുടെ സർഗോത്സവം ‘അരങ്ങ് 2025’ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

അഖില കേരള റേഡിയോ ലിസണേഴ്സ് അസോസിയേഷന്റെ എറണാകുളം ജില്ലാ റേഡിയോ സൗഹൃദ സംഗമവും പ്രക്ഷേപകരെ ആദരിക്കലും രാവിലെ കാക്കനാട് പെൻഷൻ ഭവനിൽ നടത്തും.

ആകാശവാണിയിൽ നിന്ന് വിരമിക്കുന്ന പ്രക്ഷേപകരായ ശ്രീകുമാർ മുഖത്തല, മാത്യു ജോസഫ്, TP രാജേഷ് എന്നിവരെ ചടങ്ങിൽ ആദരിക്കും. തൃക്കാക്കര നഗരസഭാ ചെയർപേഴ്സൺ രാധാമണി പിള്ള പരിപാടി ഉദ്ഘാടനം ചെയ്യും.

✪✪✪

നിലമ്പൂർ കാളികാവ് അടയ്ക്കാക്കുണ്ടിൽ ടാപ്പിംഗ് തൊഴിലാളിയെ കൊലപ്പെടുത്തിയ നരഭോജി കടുവയുടെ ചിത്രം വനം വകുപ്പിന്റെ ക്യാമറയിൽ പതിഞ്ഞു. നൂറോളം ദ്രുതകർമ സേന പ്രദേശത്ത് തെരച്ചിൽ നടത്തിയെങ്കിലും കടുവയെ കണ്ടെത്തിയിരുന്നില്ല. ഇന്ന് കൂടുതൽ ഡ്രോണുകൾ ഉപയോഗിച്ച് തെരച്ചിൽ നടത്തും.

✪✪✪

കുറ്റാന്വേഷണ മികവിന് 2023ലെ DGPയുടെ 'ബാഡ്ജ് ഓഫ് ഹോണർ നടക്കാവ് പൊലീസ് ഇൻസ്പെക്ടർ N പ്രജീഷിന് ലഭിച്ചു. കോഴിക്കോട് കസബ SHO ആയിരിക്കെ മയക്കുമരുന്ന് വേട്ട കേസിന്റെ അന്വേഷണ മികവ് പരിഗണിച്ചാണ് അവാർഡ്.

കോഴിക്കോട് സൈനബ കൊലക്കേസിലെ പ്രതികളെ പിടികൂടിയ സംഘത്തെയും ബാഡ്ജ് ഓഫ് ഹോണർ നൽകി ആദരിച്ചു.

✪✪✪

വിശ്വകർമ ഐക്യവേദി പാലക്കാട് ജില്ലാ കൺവെൻഷൻ രാവിലെ പാലക്കാട്ട് രാഹുൽ മാങ്കൂട്ടത്തിൽ MLA ഉദ്ഘാടനം ചെയ്യും. വിശ്വകർമ സമുദായത്തിന്റെ പ്രശ്നങ്ങൾ സമ്മേളനം ചർച്ച ചെയ്യും. SSLC പരീക്ഷയിൽ മികച്ച വിജയം നേടിയ വിദ്യാർത്ഥികളെ ചടങ്ങിൽ ആദരിക്കും.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*News Team:, നിമിഷ ജി*
*DEO: സി കെ സുബോധ്*